ജില്ലാ കളക്ടർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൗമശാസ്ത്ര പഠന കേന്ദ്രത്തിലെ ശാസ്ത്രജ്ഞരും മറ്റും പങ്കെടുക്കുന്ന ചർച്ചകളും ബോധന പരിപാടികളും വിവിധ സ്ഥലങ്ങളിൽ നടക്കുന്നുണ്ട്.

ഭൂചലനംകൊണ്ട് പട്ടികജാതി ഹൗസിംഗ് കോളനികൾക്കുണ്ടായ നഷ്ടങ്ങൾ

71 (884) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ അകലക്കുന്നം വില്ലേജിലെ കാളിയൻമല പട്ടികജാതി ഹൗസിംഗ് കോളനിയിലെ വീടുകൾക്ക് ഭൂചലനംകൊണ്ട് നാശവും ബലക്ഷയവും ഉണ്ടായതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കുമോ ;

(സി) എത്ര വീടുകൾക്ക് നാശനഷ്ടം ഉണ്ടായതായി കണ്ടെത്തി ;

(ഡി) ഈ വീടുകൾ ബലപ്പെടുത്തുവാനും വാസയോഗ്യമാക്കുവാനും എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷിച്ചിട്ടുണ്ട്.

(സി) 15 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(ഡി) ഭൂകമ്പത്തിൽ കേടുപാടു സംഭവിച്ച വീടുകൾക്ക് മറ്റ് പ്രകൃതിക്ഷോഭത്തിൽ ഭവനനാശത്തിനു നൽകിവരുന്ന അതേ നിരക്കിൽ നഷ്ടപരിഹാരം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭൂചലനത്തിൽ കേടുപാട് സംഭവിച്ച കെട്ടിടങ്ങൾ പുതുക്കിപണിയുന്നതിന് നടപടി

72 (885) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആവർത്തിക്കപ്പെട്ട ഭൂചലനങ്ങളിൽ ആകെ എത്ര വീടുകൾക്കും ആരാധനാലയങ്ങൾക്കും മറ്റു കെട്ടിടങ്ങൾക്കും കേടുപാട് സംഭവിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വീടുകളും ആരാധനാലയങ്ങളും മറ്റു കെട്ടിടങ്ങളും പുതുക്കിപ്പണിയുവാൻ നഷ്ടപരിഹാരമിനത്തിലും ദുരിതാശ്വാസമിനത്തിലും തുക അനുവദിക്കുന്നതിനോടൊപ്പം ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ഉദാരമായ വ്യവസ്ഥയിൽ വായ്പ നൽകുവാനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly